# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3046. 13/03/2018-ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ നിയമാനുസൃത കടവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** |
| (എ) | കാസർഗോഡ് ജില്ലയിൽ തുറമുഖ വകുപ്പിന്റെ നിയന്ത്രണത്തിൽ നിയമാനുസൃതമായി പ്രവർത്തിക്കുന്ന എത്ര കടവുകൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ തുറമുഖ വകുപ്പിന്റെ കീഴിൽ 7 കടവുകൾ പ്രവർത്തിക്കുന്നുണ്ട്.<br>1. മൊഗ്രാൽ പുത്തൂർ പഞ്ചായത്തിന്റെ കീഴിൽ മൊഗ്രാൽ പുത്തൂർ കടവ്<br>2. ചെമ്മനാട് പഞ്ചായത്തിന്റെ കീഴിൽ ചളിയംകോട് കടവ്<br>3. കാസർഗോഡ് മുൻസിപ്പാലിറ്റിയുടെ കീഴിൽ തളങ്കര കടവ്<br>4. ചെറുവത്തൂർ പഞ്ചായത്തിന്റെ കീഴിൽ മടക്കര, അച്ചാംതുരുത്തി , കൈതക്കാട് കടവുകൾ<br>5. പടന്ന പഞ്ചായത്തിന്റെ കീഴിൽ ഓരിക്കടവ് കടവ് |
| (ബി) | ഓരോ കടവും നടത്തുന്നതിനുള്ള ഒരു മാസത്തെ ചെലവും ഇതിൽ നിന്ന് കിട്ടുന്ന വരുമാനവും വ്യക്തമാക്കാമോ; | (ബി) | 2018 ഫെബ്രുവരി മാസം ഓരോ കടവിൽ നിന്നും വിവിധ ഇനങ്ങളിൽ ലഭിച്ച വരുമാനം, ചെലവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മിച്ചം തുക വരുന്നുണ്ടെങ്കിൽ ജില്ലയിൽ ഏതെങ്കിലും ജനോപകാരപ്രദമായ പ്രവൃത്തിക്കോ പദ്ധതിക്കോ അതുപയോഗിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും | മണൽ വില്പനയിൽ നിന്ന് ലഭിയ്ക്കുന്ന വരുമാനം ഉപയോഗിച്ച് പദ്ധതികൾ നടത്തുന്നതിന് തുറമുഖ വകുപ്പിന് അനുമതി ലഭിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ ഈ സർക്കാർ അത്തരത്തിൽ ചെലവഴിച്ച തുകയും അതുപയോഗിച്ച് നടത്തിയ പദ്ധതികളും വ്യക്തമാക്കാമോ; | | |
| (ഇ) | നിയമാനുസൃതമല്ലാത്ത കടവുകൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അത്തരം കടവുകൾക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഇ) യും (എഫ്) ഉം | ജില്ലയിൽ അനധികൃത കടവുകൾ പ്രവർത്തിക്കുന്നില്ല. ഇതിനായി ജില്ലാ ഭരണകൂടം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (എഫ്) | അത്തരം കടവുകളിൽ നിന്ന് പിടിക്കപ്പെടുന്ന മണൽ എന്താണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

| പേര് | തുറമുഖ വിഹിതം (രൂപ) | വാഹനപാസ്സ് (രൂപ) | പഞ്ചായത്ത് വിഹിതം (രൂപ) | ലേബർ ചാർജ് (രൂപ) | ജിയോളജി (രൂപ) | ജി. എസ്.റ്റി (രൂപ) | ചെലവ് (രൂപ) |
|---|---|---|---|---|---|---|---|
| മൊഗ്രാൽ പുത്തൂർ കടവ് | 18,50,805 | 1,65,880 | 3,73,900 | 21,12,535 | 1,49,560 | 2,24,340 | 44,440/- |
| ചളിയം കോട് കടവ് | 6,57,855 | 59,180 | 1,32,900 | 7,50,885 | 53,160 | 79,740 | 43,155/- |
| തളങ്കര കടവ് | 5,64,795 | 50,820 | 1,14,100 | 6,44,665 | 45,640 | 68,460 | 42,555/- |
| മടക്കര കടവ് | 16,87,455 | 1,51,140 | 3,40,900 | 19,26,085 | 1,36,360 | 2,04,540 | 40,605/- |
| അച്ചാം തുരുത്തി കടവ് | 6,60,330 | 59,840 | 1,33,400 | 7,53,710 | 53,360 | 80,040 | 40,100/- |
| കൈതക്കാട് കടവ് | 8,41,005 | 76,780 | 1,69,900 | 9,59,935 | 67,960 | 1,01,940 | 42,055/- |
| ഓരിക്കടവ് കടവ് | 7,71,210 | 70,840 | 1,55,800 | 8,80,270 | 62,320 | 93,480 | 44,110/- |
| **ആകെ** | 70,33,455 | 6,34,480 | 14,20,900 | 80,28,085 | 5,68,360 | 8,52,540 | 2,97,020 |

**സെക്ഷൻ ഓഫീസർ**